ശ്രീ. പ്രാക്കുളം ഭാസി : റിസർച്ചിനു നിയമിച്ചിട്ടുള്ള ആരും എന്തു റിസർച്ചാണു് നടത്തിയിട്ടുള്ളതു് ?

ശ്രീ. എ. എ. റഹിം : പറയത്തക്ക റിസർച്ചൊന്നും നടന്നതായി അറിവില്ല. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി : എത്രപേരെ റിസർച്ചിനു നിയമിച്ചിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. എ. എ. റഹിം : ശ്രീ. കാലടി പരമേശ്വരൻപിള്ളയേയും അദ്ദേഹത്തിനു അസിസ്റ്റന്റായി മറ്റൊരാളെയും.

ശ്രീ. പ്രാക്കുളം ഭാസി : എന്തെങ്കിലും റിസർച്ച് അവിടെ നടത്തുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഉണ്ടു്. ഫലം പറയാറായിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : റിസർച്ച് നടത്താനുള്ള പരീക്ഷായോഗ്യത അവർക്കില്ലെന്നറിയാമോ ?

ശ്രീ. എ. എ. റഹിം : യോഗ്യത ഉള്ളതുകൊണ്ടാണു് അവരെ നിയമിച്ചിട്ടുള്ളതെന്നു വിശ്വസിക്കുന്നു. 1955 ഫെബ്രുവരി 14-ാംതീയതിക്കുമുമ്പാണു് നിയമനം നടത്തിയിട്ടുള്ളതു്. എന്തു യോഗ്യതയുടെ മാനദണ്ഡത്തിലാണു് നിയമിച്ചിട്ടുള്ളതെന്നു് എനിക്കിപ്പോൾ പറയാൻ നിവൃത്തിയില്ല.

SHORT NOTICE QUESTIONS AND ANSWERS.

ടൈം സ്കെയിൽ.

* 5. [5] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഗവണ്മെന്റ് ജീവനക്കാർക്കു് ഏർപ്പെടുത്തിയിട്ടുള്ള ടൈം സ്കെയിൽ മുനിസിപ്പൽ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനെക്കുറിച്ചു് മുനിസിപ്പാലിറ്റികളിൽ നിന്നു പ്രമേയങ്ങൾ പാസ്സാക്കി ഗവണ്മെന്റിലേയ്ക്കയച്ചിട്ടുണ്ടോ ;

(സി) അതിന്മേൽ ഗവണ്മെന്റ് എന്തു മറുപടി നൽകി ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ. ബി. സി.) മുനിസിപ്പൽ ജീവനക്കാർക്കു് ടൈംസ്കെയിൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവു് പാസാക്കിക്കഴിഞ്ഞു. എല്ലാ മുനിസിപ്പാലിറ്റികൾക്കും ആ ഉത്തരവിന്റെ പകർപ്പു രണ്ടു ദിവസത്തിനകം കിട്ടുന്നതാണു്.

ശ്രീ. ആർ. പ്രകാശം : മുനിസിപ്പൽ ജീവനക്കാർക്കു് ടൈംസ്കെയിൽ ഏർപ്പെടുത്തുന്ന കാലത്തു് അതു കൊടുക്കാൻ മുനിസിപ്പാലിറ്റികൾക്കു ഗ്രാന്റ് നൽകണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു ഞാൻ നോക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly